

# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# ഗിദയോന്റെ ലഘു സൈന്യം


എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest; Alastair Paterson
അംഗികരിച്ചത് : Ruth Klassen
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്. ഒരിക്കലും വിൽക്കരുത്.






യോശുവയുടെ മരണശേഷം, യിസ്രായേൽ ജനം ദൈവത്തെ അനുസരിക്കാതിരിക്കുകയും അവരുടെ ജീവിതത്തിൽ നിന്നു ദൈവത്തെ പുറത്താക്കിക്കളയുകയും ചെയ്തു. യിസ്രായേല്യരുടെ വീടുകളും കൃഷികളും തീവെച്ചുകളയുവാൻ ദൈവം അയൽ നാട്ടുകാരായ മിദ്യാന്യരെ അനുവദിച്ചു. യിസ്രായേല്യർക്കു ഗുഹകളിൽ പാർക്കേി വന്നു.


യിസ്രായേല്യനായ ഗിദയോൻ
എന്നൊരുവന് ഗോതമ്പു
കൃഷിചെയ്യുവാൻ ഒരു
രഹസ്യസ്ഥലം ഉായിരുന്നു.
3


ഒരു വലിയ മരത്തിന്റെ
മൂട്ടിൽ ഒളിച്ചുവെച്ച ഒരു
മുന്തിരിച്ചക്കിനരികെ വെച്ച്
അവൻ ഗോതമ്പ്
മെതിക്കുകയായിരുന്നു.
മിദ്യാന്യർക്ക് ആ സ്ഥലം
അറിയത്തില്ലായിരുന്നു.
എന്നാൽ
ദൈവത്തിനറിയാമായിരുന്നു!
ഗിദയോനോടുള്ള ഒരു
ദൂതുമായി ദൈവം ഒരു
ദൂതനെ അയച്ചു.
4


മിഥ്യാ ബിംബത്തെ ആരാധിക്കുവാൻ തന്റെ പിതാവുാക്കിയ
മൂർത്തിയെ നശിപ്പിച്ചിട്ട് അവിടെ സത്യ ദൈവത്തിന് ആരാധന
നടത്തേതിന് യാഗപീഠം പണിയുവാൻ ദൈവം ഗിദയോനെ
ഉപയോഗിച്ചു. തന്റെ സമൂഹത്തിലെ ജനങ്ങൾ തന്നെ
കൊന്നുകളയുമെന്ന് ഭയപ്പെട്ടിട്ടും ദൈവം
കല്പിച്ചതുപോലെ ഗിദയോൻ ചെയ്തു.
5


ദുഷ്ടന്മാർക്കെതിരായ മിഥ്യാന്യർക്കെതിരായി ദൈവത്തിന്റെ
സൈന്യത്തെ ഗിദയോൻ നയിക്കുവാൻ ദൈവം ആഗ്രഹിച്ചു.
എന്നാൽ ഗിദയോൻ ഭയപ്പെട്ടു. ദൈവം തന്നോടുകൂടെ ഉന്ന്
ഉറപ്പു വരുത്തുവാൻ വേി അവൻ ഒരു പ്രത്യേക അടയാളം
ചോദിച്ചു. എന്നിട്ടവൻ രോമമുള്ള ഒരു ആട്ടിൻ തുകൽ തറയിൽ
വെച്ചു.
6


ഗിദയോൻ
പ്രാർത്ഥിച്ചു
“മഞ്ഞ്
തുകലിന്മേൽ
മാത്രം ഇരിക്കയും
നിലമൊക്കെയും ഉണങ്ങിയിരിക്കയും
ചെയ്താൽ, നീ അരുളിച്ചെയ്തതുപോലെ
യിസ്രായേലിനെ എന്റെ കൈയാൽ രക്ഷിക്കുമെന്ന്
ഞാനറിയും.” രാവിലെ നിലം ഉണങ്ങിയും മഞ്ഞു
വെള്ളംകൊു നനഞ്ഞുമിരുന്നു!
7


ഗിദയോനു പിന്നെയും സംശയമായി.
ഇപ്രാവശ്യം മഞ്ഞ് നിലത്തുമാത്രം ഉ
ായിരിക്കുവാൻ അവൻ ആഗ്രഹിച്ചു.
അടുത്ത പ്രഭാതത്തിൽ നിലം
നനഞ്ഞും തുകൽ ഉണങ്ങിയും
ഇരിക്കുന്നത് കു.
8

മുപ്പത്തി രായിരം പട്ടാളക്കാർ ഉൾപ്പെടുന്ന ഒരു സൈന്യവുമായി ഗിദയോൻ പ്രവൃത്തി ആരംഭിച്ചു. എന്നാൽ ദൈവം അതു വെട്ടിക്കുറച്ച് മുന്നൂറ് ആക്കി. "എന്റെ കരം എന്നെ രക്ഷിച്ചു" എന്ന് യിസ്രായേൽ പറയുവാൻ ദൈവം താത്പര്യപ്പെട്ടില്ല. യിസ്രായേലിന്റെ രക്ഷകൻ ദൈവം തന്നെയായിരുന്നു.




9

ഗിദയോനു ഇപ്പോഴും ഭയം ഉന്നെറിഞ്ഞ ദൈവം, ഒരു മിദ്യാന്യ പട്ടാളക്കാരൻ താൻ ക അപരിചിതമായ സ്വപ്നം മറ്റൊരുവനോട് പറയുന്നത് രഹസ്യമായി കേൾക്കുവാൻ ഗിദയോനെ ഒരുക്കി. ആ സ്വപ്നത്തിൽ കത് ഒരു അപ്പക്കഷണം മിദ്യാന്യരുടെ പാളയത്തിലേക്ക് ഉരുു വരുകയും അത് അവരെ നശിപ്പിച്ച് കളയുകയും ചെയ്തു എന്നായിരുന്നു.



10

മറ്റെ സൈന്യാധിപൻ ഭയന്നു വിറച്ചു. "ഇത്... ആ ഗിദയോന്റെ വാളു തന്നെയാണ്..." അവൻ അലറി. ആ സ്വപ്നവും അതിന്റെ അർഥവും കേട്ടപ്പോൾ ദൈവം തനിക്ക് വിജയം നൽകാൻ പോകുന്നുവെന്ന് ഗിദയോൻ തിരിച്ചറിഞ്ഞു.



11

ഒരു രാത്രിയിൽ അവരെ ആക്രമിക്കുവാൻ ഗിദയോൻ പദ്ധതിയിട്ടു. ഓരോ പട്ടാളക്കാർക്കും ഓരോ കാഹളവും, അകത്ത് തീ പന്തമുള്ള ഓരോ കുടവും നല്കി. അവർ മിദ്യാന്യ പട്ടാളത്തെ വളഞ്ഞു.



12

ഗിദയോൻ അടയാളം കൊടുത്തപ്പോൾ, പട്ടാളക്കാർ കാഹളം ഊതുകയും കുടം ഉടയ്ക്കുകയും പന്തം കത്തിക്കുകയും ചെയ്തു. എന്തൊരു ശബ്ദം! വല്ലാത്ത ആശയക്കുഴപ്പം! പേടിച്ചര മിദ്യാന്യർ എഴുന്നേറ്റ് ഓടുവാൻ തുടങ്ങി.



13

ഈ വലിയ വിജയത്തിനുശേഷം, തങ്ങളുടെ ഭരണ കർത്താവായിരിക്കുവാൻ യിസ്രായേൽ മക്കൾ ഗിദയോനോടു പറഞ്ഞു. "ഞാൻ നിങ്ങളുടെ നേതാവായിരിക്കുകയില്ല... ദൈവം ആയിരിക്കും നിങ്ങളുടെ നേതാവ്" എന്നു ഗിദയോൻ മറുപടി പറഞ്ഞു.



14

ജനങ്ങളുടെ ജീവിതത്തിൽ കർതൃത്വം നടത്തുവാൻ ദൈവത്തിനുമാത്രമേ കഴിയുകയുള്ളൂ എന്ന് ഗിദയോന് അറിയാമായിരുന്നു.





ഗിദയോന്റെ ലഘു സൈന്യം

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ന്യായാധിപന്മാർ 6–8

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130



# അവസാനം

15 60



അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്ന പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16